# അമേരിക്കയിൽ അധ്യാപകർക്ക് സാധ്യതകൾ ഏറെ



**ഉദ്യോഗാർഥം വിദേശത്തേക്ക് 4**

**മധുനായർ**

ഇന്ത്യക്കാർക്ക് അനായാസേന അമേരിക്കയിൽ ലഭിക്കുന്ന തൊഴിലാണ് അധ്യാപകവൃത്തി. താരതമ്യേന ശമ്പളം കുറവായതുകൊണ്ടും ഉന്നത ബിരുദങ്ങൾ ഈ തൊഴിലിന് മുതൽകൂട്ടായതുകൊണ്ടും സായിപ്പിനീ ജോലിയത്ര പഥ്യമല്ല. ബിരുദങ്ങൾ വാരിക്കൂട്ടുന്നതിൽ ഇന്ത്യക്കാരെ തോല്പിക്കുവാൻ സായിപ്പിനും കഴിവില്ല. യാതൊരു വ്യക്തമായ ലക്ഷ്യവുമില്ലാതെ തന്നെ ഡിഗ്രികളെ തേടിപ്പോകുന്ന നാട്ടിലെ പ്രവണത അമേരിക്കയിലും മലയാളികൾ തുടരുന്നു.

സർവകലാശാലാതലത്തിലാണ് പലരും അധ്യാപകരാകുന്നത്. നീഗ്രോകൾ തുടങ്ങിയ ന്യൂനപക്ഷങ്ങൾക്കു സ്വാധീനമുള്ള വിദ്യാലയങ്ങളിൽ പഠിപ്പിക്കുവാൻ പല ആഢ്യസായിപ്പന്മാരും തയ്യാറുമല്ല. ഇവിടെയൊക്കെ പല ഡിപ്പാർട്ടുമെന്റുകളിൽ തലവന്മാരായി തന്നെ ഇന്ത്യാക്കാരെ കാണാം. അതുപോലെ സർക്കാർ ചെലവിൽ നടത്തുന്ന കമ്യൂണിറ്റി കോളേജുകളും പഠിപ്പിക്കുവാൻ വിദേശികളെ ആശ്രയിക്കുന്നു. ഗ്രാമറില്ലാത്ത ഈ കലാലയങ്ങൾ സാമ്പത്തിക പരാധീനതയുള്ള അമേരിക്കക്കാരുടെ കോളേജ് വിദ്യാഭ്യാസത്തിനുള്ള ആശാകേന്ദ്രങ്ങളാണ്. ചുരുക്കം ചില ഇന്ത്യക്കാർ പുകൾപെറ്റ സർവകലാശാലകളിൽ തന്നെ അസൂയാവഹമായ പദവികളിലെത്തിയിട്ടുണ്ട്. കൊളംബിയാ സർവകലാശാലയിലെ ഡോ. ഭഗവതി, ഹാർവേഡിലെ ഗുലാത്തി, കാർണഗിമെലൺ യൂണിവേഴ്സിറ്റിയിലെ കമ്പ്യൂട്ടർ വിഭാഗം മേധാവി ഡോ. രാജ് റെഡ്ഡി തുടങ്ങിയവർ ഉദാഹരണങ്ങളാണ്.

ഉപരിപഠനാർഥം അമേരിക്കയിലെത്തുന്ന ഇന്ത്യക്കാരാണ് സർവകലാശാലാതലത്തിൽ അധ്യാപകരാകുന്നതിൽ ഏറിയപങ്കും. ഇന്ത്യയിൽ നിന്നും നേരിട്ട് അമേരിക്കയിലെ സർവകലാശാലകളിൽ ജോലിതേടുവാൻ ഇമിഗ്രേഷൻ നിയമങ്ങൾ പ്രതിബന്ധങ്ങളാകുന്നു.

സ്കൂൾ തലത്തിൽ പഠിപ്പിക്കുന്നവർക്കാണ് സർവകലാശാല അധ്യാപകരേക്കാളും സാമ്പത്തിക നേട്ടമുള്ളത്. ടീച്ചേഴ്സ് യൂണിയനുകൾ ശക്തമായിട്ടുള്ള ന്യൂയോർക്ക് നഗരത്തിൽ സ്കൂളധ്യാപകർ കോളേജ് പ്രൊഫസർമാരേക്കാളും ശമ്പളം പറ്റുന്നു.

അമേരിക്കയിൽ സ്കൂളധ്യാപകരാകുവാൻ ലൈസൻസ് എടുത്തിരിക്കണമെന്നുണ്ട്. സയൻസ് വിഷയങ്ങൾ ഐച്ഛികമായെടുത്തിട്ടുള്ളവർക്ക് ലൈസൻസിനുള്ള ടെസ്റ്റ് അനായാസമായിരിക്കും. ടെസ്റ്റുകൾ പാസാവുന്നതും കൈമുതലായുള്ള ബിരുദങ്ങളുടെ തൂക്കവുമായിരിക്കും ശമ്പള സ്കെയിൽ തീരുമാനിക്കുവാനുള്ള അളവുകോലുകൾ. പലപ്പോഴും പ്രൈമറി സ്കൂളധ്യാപകർ പിഎച്ച്.ഡി. ബിരുദധാരികളായിരിക്കും. ഹൈസ്കൂൾ തലത്തിൽ ഇതാവശ്യവുമായിരിക്കുകയില്ല.

അമേരിക്കയിലെ സ്കൂൾ വിദ്യാഭ്യാസം പലതരത്തിലും വിഭിന്നമാണ്. നമ്മൾ ധരിച്ചുവച്ചിരിക്കുന്ന പൗരധർമ മൂല്യങ്ങളല്ല അവിടെ നിലവിലുള്ളത്. വിദ്യാർഥികളെ ശാസിക്കുന്നതുപോലും സൂക്ഷിച്ചുവേണം. ശിക്ഷയൊക്കെ പേരിനേ ഉള്ളൂ. ശരീരം തൊട്ട് യാതൊരു ശിക്ഷണവും ഇല്ല. ഒരു പെൺകുട്ടിയുടെ കാതുപിടിച്ചുമുറുക്കിയതിന് ജയിലിൽപോയ മലയാളി അധ്യാപകനെ ഈ ലേഖകനറിയാം. ന്യൂയോർക്ക് സ്കൂളുകളിൽ ഉച്ചക്കഞ്ഞി വിതരണം പോലെ ഗർഭനിരോധന സാമഗ്രികളും വിതരണം ചെയ്യുന്നു. തോക്കുകളേന്തി ക്ലാസിൽ വരുന്ന കുസൃതിക്കുട്ടനെ നിയന്ത്രിക്കുന്നത് സർക്കസുകൂടാരത്തിലെ വിദ്യകൾകൊണ്ടായിരിക്കണം. ഇങ്ങിനെയുള്ള അസുഖകരങ്ങളായ പ്രവണതകളാണ് അധ്യാപകരുടെ ക്ഷാമത്തിനു കാരണം.

ഈയിടെ ന്യൂയോർക്ക് സിറ്റി സ്കൂൾ കണക്കുസാറന്മാരെ തേടി സ്പെയിൻ വരെയെത്തി. നൂറുകണക്കിന് കൊണ്ടുവന്ന ഈ കണക്കധ്യാപകന്മാർ ഭാഷയുടെ അതിർവരമ്പുകളിൽ തട്ടി ഒരു കൊല്ലത്തിനകം തിരിച്ചുപോയി. ആംഗലം രക്തത്തിലൂടെ ഒഴുകുന്ന ഇന്ത്യക്കാരന് ഇങ്ങിനെ പ്രശ്നമുണ്ടാകില്ലല്ലോ?

അമേരിക്കയിൽ സ്കൂൾ മാഷാകുവാനുള്ള കടമ്പ ഇമിഗ്രേഷൻ നിയമങ്ങളാണ്. ലേബർ ഡിപ്പാർട്ട്മെന്റ് എന്തോ ഈ മേഖല ഇന്നും വിദേശികൾക്കായി പരസ്യമായി തുറക്കുന്നില്ല. എങ്ങിനേയും അമേരിക്കയിലെത്തിയാൽ ബിരുദധാരികൾക്ക് അനായാസം പിടിച്ചെടുക്കുവാൻ സാധിക്കുന്ന തൊഴിലാണ് അധ്യാപകവൃത്തി.

Registered No. KL/CT/53/93. Printed and Published by P.V. Chandran for The Mathrubhumi Printin
Mathrubhumi Press, Kozhikode - 673001. Managing Editor: P.V. Chandran,